**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1078** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>വൈപ്പിൻ മണ്ഡലത്തിലെ റോഡ് സംരക്ഷണ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടോണി ചമ്മണി ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കടലാക്രമണം, ഉയർന്ന തിരമാല, മഴക്കാല വെള്ളക്കെട്ട് തുടങ്ങിയ പ്രകൃതിദത്ത സാഹചര്യങ്ങൾ മൂലം വൈപ്പിൻ മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾ തടയുന്നതിനായി ദീർഘകാല റോഡ് സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. വൈപ്പിൻ മണ്ഡലത്തിലെ KRFB പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ പരിധിയിൽ വരുന്ന റോഡുകൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ സംരക്ഷണം ഉറപ്പാക്കുന്നതിനായി IRC മാനദണ്ഡങ്ങൾ, MoRTH സാങ്കേതിക നിർദേശങ്ങൾ എന്നിവയ്ക്കു പുറമേ KIIFB മാനദണ്ഡങ്ങൾ കൂടി പാലിച്ചുകൊണ്ടാണ് റോഡുകൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്. വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പ് (Ch. 21/300) മുതൽ മുനമ്പം (Ch. 48/000) വരെ 26.70 കിലോമീറ്റർ ദൈർഘ്യമുള്ള തീരദേശ പാത (Reach-2) KRFB-യുടെ പരിധിയിൽ ഉൾപ്പെടുന്നു. പുതുവൈപ്പ്, എളംകുന്നപ്പുഴ, ഞാറക്കൽ, നായരമ്പലം, എടവനക്കാട്, കുഴുപ്പിള്ളി, പള്ളിപ്പുറം എന്നീ ബീച്ചുകളെ ബന്ധിപ്പിച്ചുകൊണ്ടാണ് തീരദേശ പാത കടന്നുപോകുന്നത്. തീരദേശ പാതയ്ക്ക് 3.50 മീറ്റർ വീതിയുള്ള രണ്ടുവരി കാരേജ്‌വേ (3.50 x 2), ഇരുവശത്തും 0.75 മീറ്റർ വീതിയുള്ള ഷോൾഡറുകൾ, 1.50 മീറ്റർ വീതിയുള്ള ഫുട്ട്പാത്ത് കം ഡ്രെയിനേജ്, 2.50 മീറ്റർ വീതിയുള്ള സൈക്കിൾ ട്രാക്ക് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തീരദേശ പാതയുടെ ആകെ വീതി 14.00 മീ. മുതൽ 16.50 മീറ്റർ വരെയാണ്. റോഡുകളെ പരസ്പരം ബന്ധിപ്പിക്കുന്നതിന് ആവശ്യമായ പാലങ്ങളുടെ നിർമ്മാണവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പാതയോരത്ത് അടിസ്ഥാന സൗകര്യങ്ങളും പൊതുജനങ്ങൾക്കുള്ള അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിന് ആവശ്യമായ സ്ഥലവും അലൈൻമെന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട് . ഇതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

കടലാക്രമണം, ഉയർന്ന തിരമാല, മഴക്കാല വെള്ളക്കെട്ട് തുടങ്ങിയ പ്രകൃതിദത്ത സാഹചര്യങ്ങൾ മൂലം വൈപ്പിൻ മണ്ഡലത്തിലെ പൊതുമരാമത്ത് നിരത്തുകൾ വിഭാഗത്തിനു കീഴിലെ റോഡുകൾക്ക് ഉണ്ടാകുന്ന നാശനഷ്ടത്തിന് വിശദമായ ശാസ്ത്രീയ പഠനം നടക്കേണ്ടതുണ്ട്.ജലവിഭവ വകുപ്പ് വഴി കടൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നത് സംബന്ധിച്ച് സാങ്കേതികമായ പഠനം നടത്തുകയും അപ്രകാരം കടൽ ഭിത്തി നിർമ്മിച്ച ശേഷം റോഡ് പുനർ നിർമ്മിച്ചാൽ റോഡ് കേടുപാടുകൾ ഇല്ലാതെ സംരക്ഷിക്കാവുന്നതാണ്.

**(ബി)** പ്രസ്തുത മണ്ഡലത്തിന്റെ ദ്വീപ്-തീരദേശ ഭൂമിശാസ്ത്രവും വർദ്ധിച്ചുവരുന്ന ഗതാഗത ആവശ്യകതയും പരിഗണിച്ച്, മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ, പാലങ്ങൾ, ഡ്രെയിനേജ്, കാൽനട സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തി സമഗ്രമായ ഇന്റഗ്രേറ്റഡ് റോഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

**<u>മറുപടി:</u>** ഉണ്ട്. വൈപ്പിൻ മണ്ഡലത്തിലെ KRFB പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ പരിധിയിൽ വരുന്ന റോഡുകൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ സംരക്ഷണം ഉറപ്പാക്കുന്നതിനായി IRC മാനദണ്ഡങ്ങൾ, MoRTH സാങ്കേതിക നിർദേശങ്ങൾ എന്നിവയ്ക്കു പുറമേ KIIFB മാനദണ്ഡങ്ങൾ കൂടി പാലിച്ചുകൊണ്ടാണ് റോഡുകൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്. വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പ് (Ch. 21/300) മുതൽ മുനമ്പം (Ch. 48/000) വരെ 26.70 കിലോമീറ്റർ ദൈർഘ്യമുള്ള തീരദേശ പാത (Reach-2) KRFB-യുടെ പരിധിയിൽ ഉൾപ്പെടുന്നു. പുതുവൈപ്പ്, എളംകുന്നപ്പുഴ, ഞാറക്കൽ, നായരമ്പലം, എടവനക്കാട്, കുഴുപ്പിള്ളി, പള്ളിപ്പുറം എന്നീ ബീച്ചുകളെ ബന്ധിപ്പിച്ചുകൊണ്ടാണ് തീരദേശ പാത കടന്നുപോകുന്നത്. തീരദേശ പാതയ്ക്ക് 3.50 മീറ്റർ വീതിയുള്ള രണ്ടുവരി കാരേജ്വേ (3.50 x 2), ഇരുവശത്തും 0.75 മീറ്റർ വീതിയുള്ള ഷോൾഡറുകൾ, 1.50 മീറ്റർ വീതിയുള്ള ഫുട്ട്പാത്ത് കം ഡ്രെയിനേജ്, 2.50 മീറ്റർ വീതിയുള്ള സൈക്കിൾ ട്രാക്ക് എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തീരദേശ പാതയുടെ ആകെ വീതി 14.00 മീ. മുതൽ 16.50 മീറ്റർ വരെയാണ്. റോഡുകളെ പരസ്പരം ബന്ധിപ്പിക്കുന്നതിന് ആവശ്യമായ പാലങ്ങളുടെ നിർമ്മാണവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പാതയോരത്ത് അടിസ്ഥാന സൗകര്യങ്ങളും പൊതുജനങ്ങൾക്കുള്ള അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിന് ആവശ്യമായ സ്ഥലവും അലൈൻമെന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട് . ഇതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

കടലാക്രമണം, ഉയർന്ന തിരമാല, മഴക്കാല വെള്ളക്കെട്ട് തുടങ്ങിയ പ്രകൃതിദത്ത സാഹചര്യങ്ങൾ മൂലം വൈപ്പിൻ മണ്ഡലത്തിലെ പൊതുമരാമത്ത് നിരത്തുകൾ വിഭാഗത്തിനു കീഴിലെ റോഡുകൾക്ക് ഉണ്ടാകുന്ന നാശനഷ്ടത്തിന് വിശദമായ ശാസ്ത്രീയ പഠനം നടക്കേണ്ടതുണ്ട്.ജലവിഭവ വകുപ്പ് വഴി കടൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നത് സംബന്ധിച്ച് സാങ്കേതികമായ പഠനം നടത്തുകയും അപ്രകാരം കടൽ ഭിത്തി നിർമ്മിച്ച ശേഷം റോഡ് പുനർ നിർമ്മിച്ചാൽ റോഡ് കേടുപാടുകൾ ഇല്ലാതെ സംരക്ഷിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**